നം.ഇ2/8112/13/കെ.എ.പി.3
കമാണ്ടന്റിന്റെ കാര്യാലയം,
കെ.എ.പി.3-ാം ബറ്റാലിയൻ, അടൂർ.
തീയതി : /01/2017

# പുനർ ലേലപരസ്യം

അടൂർ കെ.എ.പി 3-ാം ബറ്റാലിയൻ കമാണ്ടന്റിന്റെ അധീനതയിൽ ഉള്ളതും, ബറ്റാലിയൻ എം.ടി ഗാരേജിൽ സൂക്ഷിച്ചിട്ടുള്ളതുമായ ഉപയോഗ്യമല്ലാത്തതുമായ താഴെ വിവരിക്കുന്ന വകുപ്പു തല വാഹനങ്ങൾ 17.02.2017 തീയതി രാവിലെ 11.00 മണിക്ക് ബറ്റാലിയൻ ആസ്ഥാനത്തുവെച്ച് പരസ്യമായി ലേലം ചെയ്ത് വില്പന നടത്തുന്നതാണ്.

| ക്രമ നം. | വണ്ടിനമ്പർ | മോഡൽ | വാഹനം | നിരതദ്രവ്യം |
|---|---|---|---|---|
| 1 | KL-01 G 8337 | 1995 | ഐഷർ ബസ് | രൂ.8,000/- |
| 2 | KL-01 K 7937 | 1997 | ഐഷർ ബസ് | രൂ.8,500/- |
| 3 | KL-01 X 9921 | 2002 | ടാറ്റാ ആംബുലൻസ് | രൂ.8,000/- |
| 4 | KL-01 G 1631 | 1998 | ഐഷർ ബസ് | രൂ..55,00/- |
| 5 | KL-01 M 9658 | 1998 | ഐഷർ ബസ് | രൂ.6,500/- |
| 6 | KL-01 K 3198 | 1996 | മഹീന്ദ്ര ജീപ്പ് | രൂ.7,500/- |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് മുകളിൽ വാഹനത്തിന് നേരേ കാണിച്ചിരിക്കുന്ന തുക നിരതദ്രവ്യമായി കെട്ടിവെയ്ക്കേണ്ടതുമാണ്. കൂടാതെ ടി. വാഹനങ്ങൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നവരിൽ നിന്ന് മുൻകൂട്ടി സീൽ ചെയ്ത കവറിൽ ദർഘാസ് നേരിട്ടോ, തപാൽ മാർഗമോ ഫെബ്രുവരി മാസം 16-ാം തീയതി വൈകുന്നേരം 4 മണിക്ക് മുൻപായി കെ.എ.പി 3-ാം ബറ്റാലിയൻ ഓഫീസിൽ ലഭിക്കത്തക്കവണ്ണം ക്ഷണിച്ചുകൊള്ളുന്നു. ദർഘാസിനോടൊപ്പം വാഹനങ്ങൾക്ക് നിരതദ്രവ്യമായി മേൽ പറഞ്ഞ നിരക്കിലും, തുകയ്ക്കുമുള്ള ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും ബറ്റാലിയൻ കമാണ്ടന്റിന്റെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ദർഘാസ്, ലേലത്തിൽ പങ്കെടുക്കുവാൻ എത്തിയിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ലേലം വിളിച്ച തുകയോ ദർഘാസ് തുകയോ ഏതാണോ കൂടുതൽ ആ തുകയ്ക്ക് യുക്തമെന്നു തോന്നുന്ന പക്ഷം വിൽപന ബന്ധപ്പെട്ട ആളിന്റെ പേരിൽ നിശ്ചയിക്കുന്നതും, ടിയാൻ ഉടനെ ദർഘാസ് തുകയുടെ പകുതി സംഖ്യ (നികതി ഉൾപ്പടെ) നിരതദ്രവ്യം കഴിച്ച് ലേല സ്ഥലത്തുവെച്ച് അടയ്ക്കേണ്ടതും, ബാക്കി സംഖ്യ നികുതിയുൾപ്പടെ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി 10 ദിവസത്തിനുള്ളിൽ അടച്ച് സ്വന്തം ചെലവിൽ ലേലപ്രകാരം ലഭിച്ച വാഹനം നീക്കം ചെയ്യേണ്ടതാണ്.

മേൽപറഞ്ഞ പ്രകാരം ലേലം കൊണ്ടയാൾ നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുടെ നിരതദ്രവ്യം സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതും, വാഹനങ്ങൾ പുനർലേലം നടത്തുന്നതാണ്.

(തുടർച്ച...........2.)

പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ അതിന് ആദ്യം ലേലം കൊണ്ട യാൾ ഉത്തരവാദിയായിരിക്കും. പുനർലേലത്തിൽ മുൻവിൽപ്പനയേക്കാൾ കൂടുതൽ തുകലഭി ച്ചാൽ ടിയാൻ ആയതിന് അവകാശം ഉണ്ടായിരിക്കുന്നതല്ല.

ലേലം ചെയ്യുവാൻ ഉദ്ദേശിക്കുന്ന വാഹനങ്ങൾ ലേലത്തിനു മുൻപുള്ള 10 പ്രവൃത്തി ദിവസ ങ്ങളിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണിവരെ ബറ്റാലിയൻ അസിസ്റ്റന്റ് കമാണ്ടന്റ് (അ ഡ്ജു)-ന്റെ മുൻകൂർ അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ഈ നോട്ടീസിൻ പ്രകാരമുള്ള ലേലം മാറ്റി വയ്ക്കുക യോ, അസ്ഥിരപ്പെടുത്തുകയോ ചെയ്യുവാനുള്ള പൂർണ്ണ അധികാരം ബറ്റാലിയൻ കമാണ്ടന്റിൽ നിക്ഷിപ്തമാണ്.

കമാണ്ടന്റ്, കെ.എ.പി.3-ാം ബറ്റാലിയൻ 5.1.17

5/1/17

പകർപ്പ് : എല്ലാ പോലീസ് ഓഫീസർമാർക്കും പ്രചാരണത്തിനായി
" : എല്ലാ പോലീസ് സൂപ്രണ്ടുമാർ കമാണ്ടന്റുമാർ
" : സ്റ്റേറ്റ് പോലീസ് ചീഫ്, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ആംഡ് പോലീസ് ബറ്റാലിയൻ അറിവിലേക്കായി.
" : ഡെപ്യൂട്ടി കമാണ്ടന്റ്, എല്ലാ അസിസ്റ്റന്റ് കമാണ്ടന്റുമാർ, എല്ലാ ഓഫീസർ കമാണ്ടന്റിനും അറിവിലേക്കായി.
" : ബറ്റാലിയൻ ട്രാൻസ്പോർട്ട് ഓഫീസർ, സൂപ്രണ്ട് ഓഫ് പോലീസ് (എം.ടി) ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (എം.ടി) അനന്തരനടപടികൾക്കായി
" : സൂപ്രണ്ട് ഗവ: പ്രസ്, തിരുവനന്തപുരം അഞ്ചു പകർപ്പുകൾ ഗസറ്റ് വിജ്ഞാപനത്തിനായി അയയ്ക്കുന്നു.
" : പബ്ലിക് റിലേഷൻ ഓഫീസർ, തിരുവനന്തപുരം പത്രപരസ്യത്തിനായി.
" : കാഷ്യർ, കെ.എ.പി 3, നോട്ടീസ് ബോർഡ്, സി.എ, സ്റ്റോക്ക് ഫയൽ.